# പതിമൂന്നാം കേരള നിയമസഭ

## (പതിമൂന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 101     09/03/2015-ൽ മറുപടിയ്ക്ക്**

## വക്കം - അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കായിക്കര പാലം

| ചോദ്യം<br>ശ്രീ. ബി. സത്യൻ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) വക്കം - അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കായിക്കര പാലം നിർമ്മാണത്തിനായുള്ള നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; | (എ) കായിക്കര പാലം നിർമ്മാണത്തോടനുബന്ധിച്ചുള്ള അപ്രോച്ച് റോഡിന് സ്ഥലം പഞ്ചായത്താണ് ഏറ്റെടുത്ത് നൽകേണ്ടത്. ടി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്. പൊന്നുംവിലയ്ക്കെടുക്കുന്നതിനുള്ള അർത്ഥനാ ഫാറവും വിശദാംശങ്ങളും എൽ. എ. തഹസീൽദാർക്ക് കൈമാറി വിവരം അടിയന്തിരമായി അറിയിക്കാൻ വക്കം പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) ഇതിനായി എന്തു തുക ചെലവഴിക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ; | (ബി) വക്കം കായിക്കര പാലത്തിന്റെ നിർമ്മാണത്തിന് 2012 പി. ഡബ്ല്യൂ.ഡി ഷെഡ്യൂൾ നിരക്ക് പ്രകാരം 1925 ലക്ഷം രൂപയുടെ പ്രാഥമിക എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടായിരുന്നു. എന്നാൽ ഇതിനായി നിലവിലെ നിരക്ക് അനുസരിച്ച് ഏകദേശം 23 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. |
| (സി) നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (സി) ടി പ്രവൃത്തി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏർപ്പാടാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. നബാർഡ് ഗൈഡ്ലൈൻ പ്രകാരം പ്രവൃത്തിക്കാവശ്യമായ സ്ഥലം പൂർണ്ണമായി ഏറ്റെടുത്താൽ മാത്രമേ അംഗീകാരം ലഭിക്കുകയുള്ളൂ. ടി സ്ഥലം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് ലഭിച്ച് നബാർഡിന്റെ അംഗീകാരം ലഭ്യമായ ഉടൻ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കുന്നതാണ്. ആരംഭിച്ച് 24 മാസങ്ങൾകൊണ്ട് ടി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുന്നു. |

**സെക്ഷൻ ആഫീസർ**